# കേരള സർവകലാശാല

**കേരള സർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2024**

**ഒന്നാം ഘട്ട അലോട്ട്മെന്റ് നിർദ്ദേശങ്ങൾ**

- ഒന്നാം ഘട്ട അലോട്ട്മെന്റ് പരിശോധിക്കുന്നതിലേക്കായി അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് "Allotment" എന്ന ടാബിൽ ക്ലിക്ക് ചെയ്യുക.
- അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് പ്രൊഫൈൽ മുഖേന ഓൺലൈനായി ഒടുക്കി, Transaction Success എന്ന് രേഖപ്പെടുത്തിയിട്ടുള്ള പേയ്മെന്റ് രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്..
- അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർ അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്.
- അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്.
- മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്. .
- അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി സർവകലാശാല ഫീസ് അടയ്ക്കേണ്ടതും കോളേജുകളിൽ പ്രവേശനം നേടേണ്ടതുമാണ് .
- കോളേജ് പ്രവേശനം നേടാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല.
- വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ കോളേജ് പ്രവേശനം നേടിയ ശേഷം ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ ) ജൂലൈ 4ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്.
- ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും അപ്രകാരം ലഭിക്കുന്ന അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.

29/06/2024

രജിസ്ട്രാർ